വിജയശ്രീ

## കാർഷിക മേഖലയിൽ കൂടുതൽ അവസരങ്ങളും ധനസഹായവും

പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കേരളം കൈകോർക്കുമ്പോൾ കാർഷിക മേഖലയിൽ പുത്തനുണർവ് നൽകാൻ കുടുംബശ്രീ തയാറെടുക്കുകയാണ്

പ്രളയത്തിൽ നഷ്ടമായ കൃഷി സ്ഥലങ്ങൾ വീണ്ടെടുത്ത് നിലമൊരുക്കി പുതിയ കൃഷി ആരംഭിക്കുന്നതിനും 2000 സംഘകൃഷി സംഘങ്ങളെ (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് - ജെഎൽജി- അഥവാ കൃഷിസംഘങ്ങൾ) കണ്ടെത്തുകയെന്നതാണ് കുടുംബശ്രീയുടെ ആദ്യ ലക്ഷ്യം. അഞ്ചു പേരടങ്ങുന്ന സംഘകൃഷിസംഘം കാർഷിക മേഖലയിൽ പ്രവർത്തനമാരംഭിക്കുമ്പോൾ അവർ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണത്തിനനുസരിച്ച് ഏരിയ ഇൻസെന്റീവ് ലഭിക്കും. ഇതൊരു അവസരമായി കണക്കാക്കി പുതിയ കൃഷിസംഘങ്ങൾ രൂപീകരിക്കാൻ മുന്നോട്ടു വരേണ്ടത് ആവശ്യമാണ്. കാർഷിക മേഖലയിൽ ഒരു ഉപജീവന പ്രവർത്തനം മികച്ച വരുമാനത്തോടെ ആരംഭിക്കാൻ ശ്രമിക്കേണ്ടതുമാണ്.

കാർഷിക മേഖലയിൽ കുടുംബശ്രീയുടെ മറ്റൊരു പ്രധാന ലക്ഷ്യം വരുമാനം വർധിപ്പിക്കാനായി കൂടുതൽ മൂല്യവർധിത ഉൽപന്നങ്ങളുണ്ടാക്കുന്ന സംരംഭങ്ങൾ തുടങ്ങുകയെന്നതാണ് (വാഴകൃഷി ചെയ്യുന്നവർക്ക് ചിപ്സ് പോലുള്ള ഉൽപന്നങ്ങളുണ്ടാക്കി വിൽക്കുന്ന സംരംഭങ്ങൾ ആരംഭിക്കാം).

40 ശതമാനം സബ്സിഡിയാണ് യൂണിറ്റുകൾക്കു ലഭിക്കുക (പരമാവധി സബ്സിഡി രണ്ടു ലക്ഷം രൂപ). ബാങ്ക് വായ്പയോടു കൂടി സംരംഭങ്ങൾ ആരംഭിക്കാൻ മുന്നോട്ടു വരുന്നവർക്കാണ് ഈ സബ്സിഡി ലഭിക്കുക. കൂടുതലാളുകൾ സംരംഭ മേഖലയിലേക്കു കടന്നു വരാനും കാർഷിക രംഗത്തു വിപണനത്തിൽ ശ്രദ്ധയൂന്നിക്കൊണ്ട് മൂല്യവർധന നടത്തി കാർഷിക ഉൽപന്നങ്ങളുടെ വിപണി മൂല്യം വർധിപ്പിക്കുന്നതിനും കുടുംബശ്രീ വേണ്ട സഹായം ചെയ്തു നൽകുന്നതാണ്.



**എസ്. ഹരികിഷോർ ഐഎഎസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

**വിവിധ ഇനം അച്ചാറുകളുൾപ്പെടെ അറുപതോളം ഉൽപന്നങ്ങൾ നിർമിക്കുന്ന ഒരു സംരംഭമാണ് സ്വാതി കറി പൗഡർ യൂണിറ്റ്.**




*സ്വാതി കറി പൗഡർ യൂണിറ്റിലെ അംഗങ്ങൾ*

# കറിപ്പൊടിയിലൂടെ കൈവന്ന ജീവിതം




മാസം അഞ്ചു ലക്ഷം രൂപ വരുമാനം, സ്വന്തമായി രണ്ടു വണ്ടികൾ, ഒരു നിർമാണ കേന്ദ്രം. 2004ൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി നെന്മേനിയിലുള്ള ഒരുകൂട്ടം കുടുംബശ്രീ വനിതകൾ ചേർന്ന് സ്വാതി കറി പൗഡർ യൂണിറ്റിനു തുടക്കമിടുമ്പോൾ ഇങ്ങനെയൊരു വിജയത്തെക്കുറിച്ച് അവർ സ്വപ്നം കണ്ടിരുന്നു. ആ സ്വപ്നം സഫലമായതിന്റെയും സ്വന്തമായി അധ്വാനിച്ച് അതിലൂടെ ഒരു ഉപജീവനവഴി കണ്ടെത്തിയതിന്റെയും ആഹ്ലാദത്തിലാണ് അവർ. 'സ്വാതി കറി പൗഡർ' യൂണിറ്റിന്റെ സാരഥികളായ ദേവകി, സോണിദേവസ്യ, നിഷസജി, ലളിത, ശാരദ എന്നീ അഞ്ചു വനിതകൾക്കു തങ്ങൾ നേടിയ ജീവിത വിജയത്തെക്കുറിച്ചു പറയുമ്പോൾ നൂറു നാവ്.

നെന്മേനി ഗ്രാമപഞ്ചായത്തിലെ പ്രിയദർശിനി അയൽക്കൂട്ടത്തിലെ അംഗങ്ങളായ ഇവർ അഞ്ചു പേരും ചേർന്നു കുടുംബശ്രീയിലൂടെ ഉപജീവന മാർഗം കണ്ടെത്താനുള്ള ശ്രമത്തിന്റെ ഭാഗമായാണ് സ്വാതി എന്ന കറിപ്പൊടി യൂണിറ്റിന് തുടക്കമിടുന്നത്. അഞ്ചു പേരുടെയും തുല്യ പങ്കാളിത്തത്തിൽ തുടങ്ങിയ യൂണിറ്റിന്റെ തുടക്കത്തിൽ മസാലപ്പൊടി മാത്രമായിരുന്നു ഉൽപാദിപ്പിച്ചിരുന്നത്. ഓരോ വീടുതോറും കയറിഇറങ്ങി നടന്ന് ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതായിരുന്നു പതിവ്. പതിയെ മികച്ച അഭിപ്രായം നേടിയെടുത്തതോടെ സ്വാതി കറി പൗഡർ യൂണിറ്റും അഭിവൃദ്ധിപ്പെട്ടു തുടങ്ങി. ക്രമേണ ഉൽപന്നങ്ങളും വർധിപ്പിച്ചു. അഞ്ച് അംഗങ്ങളെ കൂടാതെ ദിവസവേതന അടിസ്ഥാനത്തിൽ ജോലിക്കാരെയും നിയമിച്ചു.




ഐഎസ്ഒ സർട്ടിഫിക്കേഷനും ഇക്കാലയളവിൽ സ്വാതി കറി പൗഡർ യൂണിറ്റ് നേടിയെടുത്തു. 2008 ൽ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനായി ആദ്യമായി ഒരു വാനും സ്വന്തമാക്കി. വിരലിലെണ്ണാവുന്ന ഉൽപന്നങ്ങളിൽ നിന്ന് വിവിധ ഇനം അച്ചാറുകളുൾപ്പെടെ അറുപതോളം ഉൽപന്നങ്ങൾ നിർമിക്കുന്ന ഒരു സംരംഭത്തിലേക്കു സ്വാതി കറി പൗഡർ യൂണിറ്റ് മാറിക്കഴിഞ്ഞു.

**സ്വപ്നം സഫലമായതിന്റെയും സ്വന്തമായി അധ്വാനിച്ച് അതിലൂടെ ഒരു ഉപജീവനവഴി കണ്ടെത്തിയതിന്റെയും ആഹ്ലാദത്തിലാണ് 'സ്വാതി കറി പൗഡർ' യൂണിറ്റിന്റെ സാരഥികൾ.**

മൈസൂരിൽ നിന്ന് അവശ്യസാധനങ്ങളെടുത്ത് ഉൽപന്നങ്ങളുണ്ടാക്കി വയനാട് ജില്ലയിലാകെ ആവശ്യക്കാരിലേക്ക് എത്തിക്കുന്നു. കൂടാതെ തമിഴ്നാട്ടിൽ ഗൂഡല്ലൂരിലും സ്വാതിക്കു വിപണിയുണ്ട്. ഇപ്പോൾ ആകെ രണ്ടു വാനുകളാണ് സ്വാതി കറി പൗഡർ യൂണിറ്റിനുള്ളത്. മറ്റ് അഞ്ചു പേർക്കു കൂടി ഉപജീവന മാർഗം ഒരുക്കി നൽകുന്നു സ്വാതി.

ആവശ്യക്കാർ ഏറിവരുന്നതിനാൽ തന്നെ വരും വർഷം ഉൽപാദനം വർധിപ്പിക്കാനുള്ള ശ്രമത്തിലാണ് യൂണിറ്റ് അംഗങ്ങൾ.

## കുടുംബശ്രീ ഇൻഫൊ

### അയൽക്കൂട്ടങ്ങളിൽ പഠനകാലം

കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ നാലാംഘട്ടമായ ലിംഗനീതിയും സമത്വവുമെന്ന ചർച്ച ജനുവരി അവസാന വാരം കേരളത്തിലെ എല്ലാ അയൽക്കൂട്ടങ്ങളിലും തുടങ്ങുകയാണ്. 300 ഓളം ജില്ലാതല ഫെസിലിറ്റേറ്റർമാർ ഓരോ അയൽക്കൂട്ടത്തിലെയും ഓരോ അംഗത്തിനും പരിശീലനം നൽകുകയും ജനുവരി മുതൽ അടുത്ത ആറ് മാസക്കാലത്തേക്ക് എല്ലാ അയൽക്കൂട്ട മീറ്റിങ്ങുകളിലും ഈ അയൽക്കൂട്ട അംഗത്തിന്റെ നേതൃത്വത്തിൽ 22 പാഠങ്ങൾ ചർച്ച ചെയ്യുകയും ചെയ്യും. ലിംഗനീതിയും സമത്വവും സംബന്ധിച്ച അയൽക്കൂട്ടാംഗങ്ങളുടെ സ്വന്തം അനുഭവങ്ങൾ ചർച്ചാ വിഷയമാക്കിക്കൊണ്ട് അനുഭവങ്ങളിലൂടെ സ്വയം പഠിക്കുന്ന ഈ ഒരു പഠനപ്രക്രിയ കുടുംബശ്രീ കുടുംബാംഗങ്ങൾക്ക് കൂടുതൽ കരുത്തും തിരിച്ചറിവും ശാക്തീകരണവും നൽകുമെന്ന് പ്രതീക്ഷിക്കുന്നു.